പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*128 — 04-12-2018-ലെ മറുപടിയ്ക്ക്

## പ്രളയം ബാധിച്ച കാർഷിക മേഖല

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.ജി.എസ്. ജയലാൽ<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീ.കെ. രാജൻ</td><td colspan="2">ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>പ്രളയം സംസ്ഥാനത്തെ കാർഷിക മേഖലയെ ഗുരുതരമായി ബാധിച്ചുവോ; വ്യക്തമാക്കുമോ;</td><td>(എ)</td><td>2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷിക മേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>ഘടകം</th><th>രൂപ (കോടിയിൽ)</th></tr>
<tr><td>1.</td><td>വിളകൾക്കുണ്ടായ നാശനഷ്ടം</td><td>18545.25</td></tr>
<tr><td>2.</td><td>കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ)</td><td>326.25</td></tr>
<tr><td>3.</td><td>കാർഷിക മേഖലയിലെ ആസ്തികൾക്കും, ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം</td><td>130.34</td></tr>
<tr><td></td><td>ആകെ</td><td>19001.84</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രളയത്തിന്റെ ഭാഗമായി വ്യാപകമായി നാശം നേരിട്ട കാർഷിക വിളകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, കുരുമുളക്, റബ്ബർ, കപ്പ, ഏലം തുടങ്ങിയവ.</td></tr>
<tr><td>(സി)</td><td>പ്രളയം സംസ്ഥാനത്തെ നെൽകൃഷിയെ എപ്രകാരം</td><td>(സി)</td><td>2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം 35000 ഹെക്ടർ സ്ഥലത്തെ</td></tr>
</table>

| | | | |
|---|---|---|---|
| | ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; കൃഷിയാരംഭിച്ച വയലുകളിലെ നെല്ലിന്റെയും ഞാറിന്റെയും നഷ്ടം പ്രത്യേകം കണക്കാക്കിയിട്ടുണ്ടോ; | | ഉല്പാദനദശയിലുള്ള നെൽകൃഷിയേയും 820 ഹെക്ടർ സ്ഥലത്തെ ഞാറ്റടിയേയും പൂർണ്ണമായും നശിപ്പിച്ചുകളഞ്ഞു. 63211 ഹെക്ടർ സ്ഥലത്ത് 2018 ൽ ഒന്നാം വിള കൃഷി ചെയ്തിരുന്നതിൽ നിന്നും പകുതിയിലേറെ സ്ഥലത്തെ കൃഷി, പ്രളയംമൂലം നഷ്ടപ്പെട്ടു. അതിനു പുറമെ നെല്ലിന്റെ ഉല്പാദനം തുടങ്ങിയ ഘട്ടത്തിലെ കാലാവസ്ഥാവ്യതിയാനവും മഴയും വെള്ളക്കെട്ടും ഉല്പാദനക്ഷമതയെ വളരെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. കുട്ടനാട് പ്രദേശത്തെ പുഞ്ച കൃഷി, വയനാട് ജില്ലയിലെ നഞ്ച കൃഷി എന്നിവ ആരംഭിക്കുന്ന സമയത്തായിരുന്നു ഈ ദുരന്തം. വൻ തോതിൽ ചെളിയടിഞ്ഞ പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുന്നത് ബൃഹത്തായ അദ്ധ്വാനവും സാമ്പത്തിക ബാധ്യതയും ഉണ്ടാക്കി. ഇതിനു പുറമേയാണ് നെല്ലിന്റെയും വിത്തിന്റെയും സംഭരണികൾക്കുണ്ടായ നാശവും. തന്മൂലം ഉണ്ടായ വിത്തിന്റെ ക്ഷാമവും. കുട്ടനാട്/ പൊക്കാളി/ കോൾ പ്രദേശത്തെ പെട്ടിയും പറയും, പമ്പുസെറ്റുകൾ, മോട്ടോർഷെഡ്, മോട്ടോർ തറ എന്നിവ വെള്ളം കയറിയതിനാൽ ഉപയോഗയോഗ്യമല്ലാതാവുകയും വൈദ്യുതി ലൈനുകൾ മുറിഞ്ഞുപോവുകയും ചെയ്തതുമൂലം പമ്പിംഗിനും തടസ്സം നേരിട്ടു. ഇക്കാരണത്താൽ നിലവിലെ കൃഷിയും പ്രതികൂലമായി ബാധിക്കപ്പെട്ടിട്ടുണ്ട്. |
| **(ഡി)** | 'ഓണത്തിന് ഒരുമുറം പച്ചക്കറി' പദ്ധതിയെ പ്രളയം എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | **(ഡി)** | നടപ്പു വർഷത്തെ ഓണക്കാലത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുപരി 25000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി കൊണ്ടുവരുവാൻ ലക്ഷ്യമിട്ടുകൊണ്ടായിരുന്നു പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. എന്നാൽ അപ്രതീക്ഷിതമായി ഉണ്ടായ പ്രളയം ഈ പദ്ധതിയെ സാരമായി ബാധിച്ചു. തന്മൂലം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വന്ന പദ്ധതിയിൽ പച്ചക്കറി വിള വിസ്തൃതിയുടെ ഏകദേശം 70% മുതൽ 75% വരെ വിളനാശം സംഭവിക്കുകയും പദ്ധതി ലക്ഷ്യത്തിലെത്തിക്കുവാൻ സാധിക്കാതെ വരികയും ചെയ്തു. |

| | | | |
|---|---|---|---|
| (ഇ) | ശീതകാല പച്ചക്കറി കൃഷി നടത്തിയ മേഖലകളിലെ നഷ്ടത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | ഇടുക്കി ജില്ലയിൽ പ്രളയം മൂലം 188 ഹെക്ടർ ശീതകാല പച്ചക്കറികൃഷി പൂർണ്ണമായും നശിച്ചു. |

സെക്ഷൻ ഓഫീസർ